KERALA CATHOLIC BISHOPS' COUNCIL
Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

26.7.2018

All Kerala Press Release
*Ref: 623/KCBC/K-6/KPR/DS*

## വനിതാകമ്മീഷൻ ശുപാർശ ഭരണഘടനാവിരുദ്ധവും പ്രതിഷേധാർഹവും

കൊച്ചി: ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ 'കുമ്പസാരം' എന്ന വിശുദ്ധ കൂദാശയെ നിരോധിക്കണമെന്നു ശുപാർശചെയ്തുകൊണ്ട് ദേശീയ വനിതാ കമ്മീഷൻ കേന്ദ്രഗവൺമെന്റിനു റിപ്പോർട്ടു സമർപ്പിച്ചെന്ന മാധ്യമ വാർത്ത ക്രൈസ്തവരെ മാത്രമല്ല, മത സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്ന എല്ലാവരെയും ഞെട്ടിപ്പിക്കുന്നതാണ്. ഒറ്റപ്പെട്ട ഒരു ആരോപണത്തിന്റെപേരിൽ, കുമ്പസാരത്തിന്റെ ദൈവശാസ്ത്രപരവും, ധാർമികവും മനശ്ശാസ്ത്രപരവുമായ വശങ്ങൾ പരിഗണിക്കാതെയും, ബന്ധപ്പെട്ട ആരുമായും ആലോചിക്കാതെയും, ക്രൈസ്തവസഭകളെ കേൾക്കാതെയും, വനിതാ കമ്മീഷന്റെ അധികാരപരിധിയിൽ വരാത്ത ഒരു വിഷയത്തെക്കുറിച്ച് കമ്മീഷൻ ചെയർപേഴ്സൺ അഭിപ്രായം പറഞ്ഞതും, ഏകപക്ഷീയമായ റിപ്പോർട്ടു നല്കിയതും നിരുത്തരവാദപരവും ദുരുദ്ദേശ്യപരവുമാണെന്നു വ്യക്തമാണ്. കേരളത്തിലെ ഒരു ക്രൈസ്തസഭയിലെ ഒരു പുരോഹിതൻ തന്റെയടുത്ത് കുമ്പസാരിച്ച ഒരു സ്ത്രീ പറഞ്ഞ കുമ്പസാരരഹസ്യം വെളിപ്പെടുത്തിയെന്നും, അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത സ്ത്രീയെ ബ്ളാക് മെയിൽ ചെയ്ത് മൂന്നു പുരോഹിതർ അവരെ ലൈംഗികമായി പീഡിപ്പിച്ചെന്നുമാണ് ആരോപണം. കേസ് പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. പോലീസ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്ന ഒരു ക്രിമിനൽ കേസിൽ, ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ, ഡൽഹിയിൽ നിന്നു പറന്നിറങ്ങി, ആരോടൊക്കെയോ അന്വേഷിച്ചെന്നുവരുത്തി, ക്രൈസ്തവ വിശ്വാസത്തെയും വിശ്വാസികളെയും അവഹേളിക്കുന്ന രീതിയിൽ റിപ്പോർട്ടു നല്കിയത് അധികാര ദുർവിനിയോഗം മാത്രമല്ല, റിപ്പോർട്ടു നല്കിയ വ്യക്തിയുടെ ഗൂഢമായ രാഷ്ട്രീയ ലക്ഷ്യവും വർഗീയ മനോഭാവവും വെളിപ്പെടുത്തുന്നതുമാണ്.

കുമ്പസാരം ക്രൈസ്തവ വിശ്വാസമനുസരിച്ച് ഒരു കൂദാശയാണ്. ആത്മീയ വളർച്ചയ്ക്കും നിത്യരക്ഷയ്ക്കുമുള്ള മാർഗമാണ്. നൂറ്റാണ്ടുകളായി ക്രൈസ്തവസഭകളിൽ കുമ്പസാരം നിലവിലുണ്ട്. ആയിരക്കണക്കിനു വൈദികരുടെയടുത്ത് ലക്ഷക്കണക്കിനു വിശ്വാസികൾ - സ്ത്രീകളും പുരുഷന്മാരും - കുമ്പസാരിച്ചിട്ടുണ്ട്. കുമ്പസാര രഹസ്യം സൂക്ഷിക്കാൻ വേണ്ടി ജീവൻപോലും ബലികൊടുത്തിട്ടുള്ള ചരിത്രമുണ്ട്. കുമ്പസാര രഹസ്യം വെളിപ്പെടുത്തിയെന്നും ലൈംഗികമായി പീഡിപ്പിച്ചെന്നും ആരോപണമുയർന്ന ഒരു ഒറ്റപ്പെട്ട സംഭവത്തിന്റെ പേരിൽ, കുമ്പസാരം എന്താണെന്നും എന്തിനാണെന്നും അറിയാത്ത ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ സമർപ്പിച്ച ശുപാർശ, ഇന്ത്യൻ ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാണ്. മതസ്പർധ വളർത്തി സമൂഹത്തിൽ സംഘർഷവും കലാപവും സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഗൂഢമായ ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയാണ്. ദേശീയ വനിതാ കമ്മീഷന്റെ നടപടിയിൽ കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ ശക്തമായി പ്രതിഷേധിക്കുന്നു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O.
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com